**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1310** **04-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം പദ്ധതികൾക്ക് വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി തകർച്ചയുണ്ടാക്കിയ ടൂറിസം മേഖല സജീവമാക്കാനും അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്താനുമായി ചെറുകിട ഇടത്തരം പദ്ധതികൾക്ക് പലിശ കുറഞ്ഞ വായ്പകളും റിവോൾവിംഗ് ഫണ്ടും 2021-22 കാലയളവിൽ എത്ര പേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ; | (എ) | 'റിവോൾവിംഗ് ഫണ്ട് പദ്ധതി' പ്രകാരം നിലവിൽ 1667 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച 1667 അപേക്ഷകളിൽ 927 അപേക്ഷകർക്കായി 92,63,500/-രൂപ വായ്പ അനുവദിച്ചു നൽകി. മറ്റ് അപേക്ഷകർക്ക് വായ്പ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കൂടാതെ, ടൂറിസം മേഖലയിൽ മുതൽ മുടക്കിയിരിക്കുന്ന 116 സംരംഭകർക്ക് 7,71,35,000/-രൂപ വായ്പയും നൽകിയിട്ടുണ്ട്. |
| (ബി) | ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ ലിറ്റററി സർക്യൂട്ട് എന്നിവയുടെ പ്രവർത്തനം വിശദമാക്കാമോ? | (ബി) | **ബയോ ഡൈവേഴ്സിറ്റി സർക്യൂട്ട്**<br><br>കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ, മൺറോതുരുത്ത്, കൊട്ടാരക്കര, മീൻപിടിപ്പാറ, മുട്ടറമരുതിമല, ജടായുപാറ, തെന്മല, അച്ചൻകോവിൽ എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കോർത്തിണക്കി നടപ്പിലാക്കുന്ന സർക്യൂട്ട് പദ്ധതിയാണിത്. ഈ പദ്ധതി നിലവിൽ വന്നാൽ കായലും കടലും ഭംഗിയുള്ള തോടുകളും തുരുത്തുകളും മലയോരവും തേയിലത്തോട്ടവുമുള്ള കൊല്ലം ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ പുത്തൻ ഉണർവുണ്ടാകും. ഈ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ കർണ്ണാടക പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ആർക്കിടെക്ചറൽ കൺസൾട്ടന്റായി തെരഞ്ഞെടുത്തിട്ടുണ്ട്. ടൂറിസം വകുപ്പ് ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടി സ്വീകരിക്കുന്നതാണ്.<br><br>**മലബാർ ലിറ്ററി സർക്യൂട്ട്** |

| | | | |
|---|---|---|---|
| | | | മലബാർ മേഖലയിലെ സാഹിത്യ-സാംസ്കാരിക കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മലബാർ ലിറ്ററി സർക്യൂട്ട് എന്ന പേരിൽ ഒരു ടൂറിസം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മലയാള സാഹിത്യത്തിലെ അതികായൻമാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ . വി വിജയൻ, എം.ടി വാസുദേവൻ നായർ എന്നിവരിലൂടെ പ്രശസ്തി നേടിയ തുഞ്ചൻ സ്മാരകം, ബേപ്പൂർ, തസ്രാക്ക്, ഭാരതപ്പുഴയുടെ തീരങ്ങൾ, സാംസ്കാരിക സമ്പന്നമായ പൊന്നാനി, തൃത്താല എന്നീ സ്ഥലങ്ങളെ കോർത്തിണക്കിയുള്ളതാണ് ഈ ടൂറിസം സർക്യൂട്ട്. പദ്ധതിയുടെ DPR തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ കർണ്ണാടക ലിമിറ്റഡ്. എന്ന സ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഉടൻ തന്നെ ടൂറിസം വകുപ്പ് ഈ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ